REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 20-06-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും നാളെയും ബീഹാർ, ഒഡീഷ, ആന്ധ്രാപ്രദേശ് സന്ദർശനം നടത്തും. ബിഹാറിൽ 5,700 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ഇന്ന് പ്രധാനമന്ത്രി തുടക്കമിടും.**
- **നാളത്തെ അന്താരാഷ്ട്ര യോഗാദിനത്തിന് രാജ്യവ്യാപകമായി തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിൽ.**
- **മധ്യേഷ്യൻ സംഘർഷ സാഹചര്യത്തിൽ ഇസ്രായേലിലെ ഇന്ത്യക്കാരെ ഒഴിപ്പിക്കാൻ കേന്ദ്ര തീരുമാനം.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മികച്ച പോളിങ്.**
- **ഇന്ത്യ-ഇംഗ്ലണ്ട് അഞ്ചു മത്സര ടെസ്റ്റ് ക്രിക്കറ്റ് പരമ്പരക്ക് ഇന്ന് ഇംഗ്ലണ്ടിലെ ലീഡ്സിൽ തുടക്കമാകും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും നാളെയും ബീഹാർ, ഒഡീഷ, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തും. ഇന്ന് ബീഹാറിലെത്തുന്ന പ്രധാനമന്ത്രി 5,700 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. പാടലീ പുത്രയ്ക്കും ഗോരഖ്പൂരിനും ഇടയിലെ വന്ദേ ഭാരത് എക്സ്പ്രസ് മോദി ഫ്ലാഗ് ഓഫ് ചെയ്യും. സിവാൻ ജില്ലയിൽ പൊതു സമ്മേളനത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും. ഒഡീഷയിൽ 18,600 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കമിടും.

✪✪✪

നാളത്തെ അന്താരാഷ്ട്ര യോഗാദിനത്തിന് രാജ്യവ്യാപകമായി തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിലെത്തി. വിവിധ മന്ത്രാലയങ്ങളുടെയും, സ്ഥാപനങ്ങളുടെയും സഹകരണത്തോടെ രാവിലെ രാജ്യവ്യാപകമായി യോഗാപരിപാടികൾ സംഘടിപ്പിക്കും. വിശാഖപട്ടണത്താണ് പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കുന്ന പ്രധാന ചടങ്ങ്. അഞ്ച് ലക്ഷത്തോളം പേർ അദ്ദേഹത്തോടൊപ്പം യോഗാസംഗമത്തിൽ പങ്കെടുക്കും. രാജ്യത്ത് മൂന്നര ലക്ഷത്തോളം ഇടങ്ങളിലാണ് യോഗാപരിപാടികൾ സംഘടിപ്പിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

യോഗ ദിനാചരണത്തിന് മുന്നോടിയായി ഇന്ന് ഹൈദരാബാദിലെ LB സ്റ്റേഡിയത്തിൽ പ്രത്യേക ചടങ്ങ് സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രി G കിഷൻ റെഡ്ഡി, സഹമന്ത്രി ഭൂപതിരാജു ശ്രീനിവാസ വർമ്മ, മുൻ ഉപരാഷ്ട്രപതി M വെങ്കയ്യനായിഡു തുടങ്ങിയവരും മറ്റു പ്രമുഖരും പങ്കെടുക്കും.

കേന്ദ്ര സാംസ്കാരിക മന്ത്രാലയം നാളത്തെ 11-ാമത് അന്താരാഷ്ട്ര യോഗാദിനം വിപുലമായി ആചരിക്കും. നൂറ് പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും 50 സാംസ്കാരിക കേന്ദ്രങ്ങളിലും യോഗാപരിപാടികൾ സംഘടിപ്പിക്കാനാണ് തീരുമാനം. സാംസ്കാരിക- ടൂറിസം മന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്ത് ജോധ്പൂരിലെ മെഹ്റാൻഗഡ് കോട്ടയിലെ യോഗാപരിപാടിയിൽ പങ്കുചേരും.

✪✪✪

യോഗ ഒറ്റദിവസത്തെ പരിപാടിയല്ലെന്നും, യഥാർത്ഥ ജീവിതരീതിയാണെന്നും കേന്ദ്രസഹമന്ത്രി പ്രതാപ് റാവു ജാദവ് പറഞ്ഞു. ജീവിതചര്യയിൽ യോഗയെ ഉൾപ്പെടുത്താനും കുടുംബാംഗങ്ങളെ യോഗാഭ്യാസത്തിലേക്ക് പ്രേരിപ്പിക്കാനും എല്ലാവരും തയ്യാറാവണമെന്ന് ആകാശവാണി ന്യൂസിന് നൽകിയ അഭിമുഖത്തിൽ ജാദവ് അഭ്യർത്ഥിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇസ്രയേലിലെ ഇന്ത്യക്കാരെ ഒഴിപ്പിക്കാൻ കേന്ദ്രം തീരുമാനിച്ചു. ഇന്ത്യയിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നവരെ ഇസ്രായേൽ അതിർത്തി വഴി കൊണ്ടുവന്ന് ഇന്ത്യയിലേക്ക് മടക്കിക്കൊണ്ടുവരാനാണ് തീരുമാനമെന്ന് വിദേശകാര്യമന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു. ടെൽ അവീവിലെ ഇന്ത്യൻ എംബസി ഒഴിപ്പിക്കലിന് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തും. ഇതിനായി രജിസ്ട്രേഷൻ

സംവിധാനവും ഉണ്ടായിരിക്കും. ടെൽ അവീവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും തുറന്നിട്ടുണ്ട്.

✪✪✪

അഹമ്മദാബാദ് വിമാനദുരന്തത്തിൽ ഇന്നലെ വൈകിട്ട് വരെ 215 DNA സാമ്പിളുകൾ തിരിച്ചറിഞ്ഞു. 198 ശരീരങ്ങൾ ബന്ധുക്കൾക്ക് വിട്ടുകൊടുത്തതായി സിവിൽ ആശുപത്രി കേന്ദ്രങ്ങൾ അറിയിച്ചു. കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ ഫോറൻസിക് - നിയമ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയാണ്.

✪✪✪

ഗോത്രസമുദായങ്ങളുടെ വികസനത്തിന് കേന്ദ്രം രണ്ടര ലക്ഷം കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി ജുവൽ ഒറാം അറിയിച്ചു. ആകാശവാണി വാർത്തകൾക്ക് നൽകിയ പോഡ്കാസ്റ്റിൽ അദ്ദേഹം വെളിപ്പെടുത്തി. വിവിധ മന്ത്രാലയങ്ങൾ വഴിയാണ് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നതെന്നും ജുവൽ ഒറാം പറഞ്ഞു.

✪✪✪

പൊലീസിനു വേണ്ടി വാങ്ങിയ 241 പുതിയ വാഹനങ്ങൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം SAP ഗ്രൗണ്ടിൽ ഫ്ലാഗ് ഓഫ് ചെയ്യും. പൊലീസ് സ്റ്റേഷനുകൾക്കും, കൺട്രോൾ റൂമുകൾക്കും, സ്പെഷ്യൽ യൂണിറ്റുകൾക്കും വേണ്ടിയാണ് വാഹനങ്ങൾ വാങ്ങിയത്. ചടങ്ങിൽ സംസ്ഥാന പൊലീസ് മേധാവി ഡോ. ഷേയ്ഖ് ദർവേഷ് സാഹിബ്, ADGP മാർ, മറ്റു മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മികച്ച പോളിങ്. 74.35 ശതമാനം പോളിങ് രേഖപ്പെടുത്തിയെന്നാണ് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസ് അറിയിച്ചത്. എന്നാൽ അവസാന കണക്കുകൾ ലഭ്യമാകുമ്പോൾ വോട്ടിംഗ് 75 ശതമാനം കവിയുമെന്നാണ് വിലയിരുത്തൽ. തിങ്കളാഴ്ചയാണ് വോട്ടെണ്ണൽ.

കൂടുതൽ വിവരങ്ങളുമായി മലപ്പുറം പ്രതിനിധി M സുരേഷ് ബാബു.

....(വോയ്സ്)....

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട്, ടെണ്ടുൽക്കർ-ആൻഡേഴ്സൺ ട്രോഫി അഞ്ചു മത്സര ടെസ്റ്റ് ക്രിക്കറ്റ് പരമ്പരക്ക് ഇന്ന് തുടക്കമാകും. ഇംഗ്ലണ്ടിലെ ലീഡ്സിൽ ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം. ശുഭ്മാൻ ഗില്ലാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

✪✪✪

സംസ്ഥാന വനിതാ കമ്മീഷന്റെ തോട്ടംമേഖല ക്യാമ്പിന് തൃശ്ശൂർ അതിരപ്പിള്ളിയിൽ തുടക്കമായി. ആദ്യ ദിനമായ ഇന്നലെ സ്ത്രീ തൊഴിലാളികൾക്കായി ശില്പശാല സംഘടിപ്പിച്ചു. കാലടി ഗ്രൂപ്പ് ആശുപത്രി ഹാളിൽ ശില്പശാല വനിതാ കമ്മീഷൻ അംഗം ഇന്ദിര രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാന വനിതാകമ്മീഷൻ സംഘടിപ്പിക്കുന്ന 'വ്യക്തിസമൂഹം സ്വാതന്ത്ര്യം-ലിംഗവിവേചനങ്ങളുടെ കേരളീയ പശ്ചാത്തലം' സംസ്ഥാനതല സെമിനാർ രാവിലെ കോഴിക്കോട് ഉള്ളിയേരിയിൽ കമ്മീഷൻ ചെയർപേഴ്സൺ P സതീദേവി ഉദ്ഘാടനം ചെയ്യും.

വനിതാകമ്മീഷന്റെ തീരമേഖലാ ക്യാമ്പും ഇന്ന് കോഴിക്കോട്ട് ആരംഭിക്കും.

✪✪✪

തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ഒട്ടേറെ പരാതികൾ ലഭിക്കുന്ന സാഹചര്യത്തിൽ സ്ഥാപനങ്ങളിലെ ആഭ്യന്തര സമിതികളുടെ പ്രവർത്തനം വിലയിരുത്തുമെന്ന് വനിതാകമ്മീഷൻ അംഗം P.P കുഞ്ഞായിഷ അറിയിച്ചു. കാസർകോട്ട് കമ്മീഷൻ സിറ്റിങിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ. ഇന്റേണൽ കമ്മറ്റികളെ കൂടുതൽ ശക്തിപ്പെടുത്തണമെന്നും കുഞ്ഞായിഷ ആവശ്യപ്പെട്ടു.

✪✪✪

ഇരവികുളം നാഷണൽ പാർക്ക് അമ്പതാം വാർഷികാഘോഷത്തിനൊരുങ്ങി. ഒരു വർഷം നീളുന്ന വിപുലമായ പരിപാടികളാണ് വനം വകുപ്പ് സംഘടിപ്പിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.

.... വോയ്സ്....

✪✪✪

സംസ്ഥാനത്ത് മഴ ദുർബലപ്പെടുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അടുത്ത നാലു ദിവസം ചിലയിടങ്ങളിൽ മഴക്ക് സാധ്യതയുണ്ടെങ്കിലും ജാഗ്രത നിർദേശങ്ങൾ നൽകിയിട്ടില്ല. വടക്കൻ കേരള തീരം മുതൽ വടക്കൻ കൊങ്കൺ തീരം വരെ തീരദേശ ന്യൂനമർദപാത്തി രൂപപ്പെട്ടതായി കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

തൃശൂർ പീച്ചി ഡാമിലെ ജലനിരപ്പ് നിയന്ത്രിക്കാൻ രാവിലെ മുതൽ വെള്ളം തുറന്ന് വിടും. മണലി, കരുവന്നൂർ പുഴകളുടെ സമീപം താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാകളക്ടർ നിർദ്ദേശം നൽകി.

✪✪✪

കോഴിക്കോട് പേരാമ്പ്ര നിയോജക മണ്ഡലത്തിൽ പുതിയ പോളിടെക്നിക് കോളേജ് സ്ഥാപിക്കാൻ അനുമതിയായി. പ്രാഥമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കോഴിക്കോട് ജനറൽ പോളിടെക്നിക് കോളേജ് പ്രിൻസിപ്പലിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. സംസ്ഥാന ബജറ്റിൽ പോളിടെക്നിക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് അഞ്ചു കോടി രൂപ അനുവദിച്ചിരുന്നു. ചങ്ങരോത്ത് പഞ്ചായത്തിന്റെ അഞ്ചേക്കർ സ്ഥലം ഏറ്റെടുക്കാൻ നടപടികൾ പുരോഗമിക്കുകയാണ്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സാവത്തിലെ മൂന്നാമത്തെ ആരാധന ആയ രേവതി ആരാധന ഇന്ന്. ഇളനീരഭിഷേകത്തിനുശേഷം നടത്തുന്ന പ്രധാന ആരാധ നയാണിത്.

✪✪✪

കാസർഗോഡ് വീരമലകുന്നിലെ മണ്ണിടിഞ്ഞ സ്ഥലങ്ങളിലെ ഡ്രോൺ സർവ്വേയിൽ കൂടുതൽ വിള്ളലുകൾ കണ്ടെത്തി. തഹസിൽദാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേശീയപാത അതോറിറ്റിക്ക് വിശദ റിപ്പോർട്ട് കൈമാറുമെന്ന് ജില്ലാ കളക്ടർ K.ഇമ്പശേഖർ അറിയിച്ചു.

✪✪✪

കോഴിക്കോട് കുറ്റിക്കാട്ടൂരിലെ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം ഉച്ചക്ക് മന്ത്രി K രാജൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. വെള്ളിപറമ്പിൽ പൊതുമരാമത്ത് വകുപ്പിന്റെ പത്ത് സെന്റ് സ്ഥലത്താണ് കെട്ടിടം നിർമിക്കുന്നത്.

✪✪✪

തൃപ്രയാർ ശ്രീരാമ ഗവ. പോളിടെക്നിക് കോളേജിന്റെ വജ്രജൂബിലി കെട്ടിടം മന്ത്രി ഡോ.R ബിന്ദു ഉദ്ഘാടനം ചെയ്തു. C.C മുകുന്ദൻ MLA അധ്യക്ഷനായിരുന്നു.

✪✪✪

എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ അംഗബലം വർധിപ്പിക്കണമെന്ന് കേരളാ സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ കണ്ണൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ആറളം കേന്ദ്രീകരിച്ച് ജന മൈത്രി എക്സൈസ് ഓഫീസ് അനുവദിക്കണമെന്നും അസേസിയേഷൻ ആവശ്യപ്പെട്ടു. ജില്ലാപ്രസിഡന്റ് ആയി K.രാജേഷിനെയും സെക്രട്ടറിയായി K.A പ്രനിൽകുമാറിനെയും തിരഞ്ഞെടുത്തു.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*CNRT : ഫസ്ന ഫാത്തിമ*
*DEO : ഷീബ*